# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1935** | **17.12.2012-ൽ മറുപടിയ്ക്ക്**

### വനനശീകരണവും കയ്യേറ്റങ്ങളും തടയാൻ നടപടി

**ചോദ്യം**

ശ്രീ. വി.റ്റി. ബൽറാം
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. ലൂഡി ലൂയിസ്

**ഉത്തരം**

ശ്രീ. കെ.ബി. ഗണേഷ്കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

(എ) അഖിലേന്ത്യാ സർവ്വേ പ്രകാരം സംസ്ഥാനത്തിന്റെ വന വിസ്തൃതി കുറഞ്ഞുവരുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) അഖിലേന്ത്യാ വനം സർവ്വേയുടെ 2011 വർഷത്തെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ വന വിസ്തൃതി (Forest Area) യിൽ കുറവ് വന്നതായി കണക്കാക്കിയിട്ടില്ല. എന്നാൽ വനാവരണത്തിൽ (Forest Cover) 24 ച. കി.മീ. കുറവ് വന്നതായിട്ടാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കേരളത്തിലെ തേക്ക്, യൂക്കാലി, അക്കേഷ്യ, റബ്ബർ, തണൽ മരങ്ങൾ എന്നീ തോട്ടങ്ങളിൽ നടന്ന റൊട്ടേഷണൽ ഫെല്ലിംഗ് ആണ് വനാവരണം കുറയുവാനുള്ള പ്രധാന കാരണമെന്ന് അഖിലേന്ത്യാ വനം സർവ്വേയുടെ 2011 വർഷത്തെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വനം വകുപ്പ് പരിപാലിച്ചുവരുന്ന തോട്ടങ്ങളിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച വർക്കിംഗ് പ്ലാനിലെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് റൊട്ടേഷൻ ഫെല്ലിംഗ് നടത്തിവരുന്നത്. ഇപ്രകാരം മുറിക്കപ്പെടുന്ന തോട്ടങ്ങളിൽ റീപ്ലാന്റിംഗ് നടത്തുന്നുണ്ട്.

(ബി) വനനശീകരണവും കയ്യേറ്റങ്ങളും തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) വനനശീകരണം തടയുന്നതിനുവേണ്ടി നിലവിലുള്ള സംരക്ഷണ സംവിധാനം ശക്തിപ്പെടുത്തിയും, രാത്രികാല പെട്രോളിംഗ് ഊർജ്ജിതപ്പെടുത്തിയും തദ്ദേശീയരായ വാച്ചർമാരുടെയും വനസംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും സഹായത്തോടെ ജനപങ്കാളിത്തത്തോടുകൂടിയ വന പരിശോധന, രഹസ്യ വിവരശേഖരണം എന്നിവയിലൂടെ വനസംരക്ഷണം ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്.

വനഭൂമി കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടഞ്ഞ് പ്രതികൾക്കെ

.......................2

തിരെ നിയമ നടപടികളും സ്വീകരിച്ചു വരുന്നു. വനം കയ്യേറ്റത്തിനു സാധ്യത യുള്ള സ്ഥലങ്ങളിൽ നിരന്തരമായ പെട്രോളിംഗ് നടത്തിയും വനാതിർത്തി യോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജന പങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴിയും വനം കയ്യേറ്റ ശ്രമങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനാ തിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വനഭൂമി സംരക്ഷിച്ചു വരുന്നുണ്ട്. വിവിധ വകുപ്പു കളുടെ സഹകരണം ഏകോപിപ്പിച്ച് വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ഫല പ്രദമായ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

(സി) വേനൽക്കാലത്ത് കാട്ടുതീമൂലം ഉണ്ടാകുന്ന വനനശീകരണം തടയു വാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ; കാട്ടുതീ തടയു വാനുള്ള ഫയർലൈൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) വേനൽക്കാലത്ത് കാട്ടുതീമൂലം വനനശീ കരണം ഉണ്ടാകാതിരിക്കുന്നതിനു വേണ്ടി യുള്ള എല്ലാ മുൻകരുതലുകളും വനം വകുപ്പ് വർഷാവർഷം സ്വീകരിച്ചുവരു ന്നുണ്ട്. പ്രധാനമായും കാട്ടുതീ ഉണ്ടാകു വാൻ സാദ്ധ്യതയുള്ള വനമേഖലകളെ ഖണ്ഡങ്ങളായി തിരിച്ച് ഫയർലൈൻ തെളി ച്ചുവരുന്നു. കാട്ടുതീ ഉണ്ടാകുവാൻ സാധ്യ തയുള്ള പ്രദേശങ്ങളിൽ നിരന്തരം പെട്രോ ളിംഗ് നടത്തുവാനും പരിചയ സമ്പന്നരായ ആദിവാസികളെയും പരിസരവാസിക ളെയും ഫയർ വാച്ചർമാരായി നിയമിക്കു വാനും ഫയർവാച്ച് ടവറുകളിലും ട്രീ ടോപ്പ് മച്ചാനിലും നിരീക്ഷണത്തിന് നിയോഗിക്കു വാനും വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവയുടെ സേവനം കാട്ടുതീ തടയുന്നതിനായി ഉപയോഗിക്കുവാനും, വനമേഖലകളിലെ കള്ളവാറ്റ് തടയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാനും ആവശ്യമായ നിർദ്ദേശം എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും റെയിഞ്ചർമാർക്കും നൽകിയിട്ടുണ്ട്. വയർലസ്, മൊബൈൽ സംവിധാനം ശക്തിപ്പെടുത്തിയും കാട്ടുതീ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് എത്രയും പെട്ടെന്ന് വനം വകുപ്പ് ഉദ്യോഗ സ്ഥരെ അറിയിക്കുന്നതിനു പൊതുജന ങ്ങൾക്കിടയിൽ ആവശ്യമായ പ്രചരണം നടത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. വനമേഖലകളോട് ചേർന്നുള്ള പ്രദേശ ങ്ങളിൽ പൊതുജനങ്ങൾക്കുവേണ്ടി ബോധ വൽക്കരണ പരിപാടികൾ സംഘടിപ്പി ക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഫയർ ലൈൻ തെളിക്കുന്നതിനുള്ള നടപടികൾ സ്വീകരി ച്ചുവരുന്നു.

.....................3

| | | | |
|---|---|---|---|
| (ഡി) | ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ? | (ഡി) | വനഭൂമിയിൽ താമസക്കാരായ എല്ലാ ആദിവാസികളെയും പുനരധിവസിപ്പിക്കുവാനുള്ള പദ്ധതി തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ വന്യജീവി സങ്കേതങ്ങളിൽ താമസക്കാരായ ആദിവാസികളെ പുനരധിവസിപ്പിക്കുവാനുള്ള പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വനഭൂമിയിൽ താമസക്കാരായ എല്ലാ ആദിവാസികൾക്കും 2006-ലെ വനാവകാശ നിയമപ്രകാരം വനഭൂമിയുടെ കൈവശരേഖ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ